# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3175</u>  10-05-2017 - ൽ മറുപടിയ്ക്ക്

## പെട്രോൾ പമ്പുകളിൽ മിന്നൽ പരിശോധന നടത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) പെട്രോൾ പമ്പുകളിലെ ഇലക്ട്രോണിക് മെഷീനുകളിൽ പ്രത്യേക ചിപ്പ് ഘടിപ്പിച്ച് അളവിൽ കൃത്രിമം നടത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ലീഗൽ മെട്രോളജി വകുപ്പ് ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ; | (ബി) ക്രമക്കേടുകൾ ഉണ്ടോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ലീഗൽ മെട്രോളജി വിഭാഗം ഉദ്യോഗസ്ഥർ മുദ്രവച്ച് നൽകുന്ന ഡിസ്പെൻസറുകൾക്ക് പുറത്താണ് ഐ.ടി. വിദഗ്ധരുടെ സഹായത്തോടെ ക്രമക്കേടുകൾ നടത്തുന്നത് എന്നത് കണക്കിലെടുത്ത് പെട്രോൾ പമ്പുകളിൽ മിന്നൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പെട്രോൾ പമ്പുകളിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ക്രമക്കേടുകൾ നടത്തുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനായി സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുന്നതിന് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ